**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3893** **03-03-2023 - ൽ മറുപടിയ്ക്ക്**

**സമരം ചെയ്യുന്ന വനിതാ പ്രവർത്തകരോട് പോലീസ് അപമര്യാദയോടെ പെരുമാറുന്ന സംഭവങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സമരം ചെയ്യുന്ന വനിതാ പ്രവർത്തകരോട് പുരുഷ പോലീസ് അപമര്യാദയോടെ പെരുമാറുന്നതായി പറയപ്പെടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കളമശ്ശേരിയിൽ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജന സംഘടനാനേതാവായ പെൺകുട്ടിയെ പോലീസ് ഉദ്യോഗസ്ഥൻ അസഭ്യം പറയുകയോ മർദ്ദിക്കുകയോ അപമാനിക്കുകയോ ചെയ്തതായ സംഭവം ഉണ്ടായിട്ടില്ല. കളമശ്ശേരിയിൽ വിദ്യാർത്ഥി സംഘടനയുടെ വനിതാ നേതാവിനെ പോലീസ് അപമാനിച്ചു എന്ന് ആരോപിച്ച് ലഭിച്ച പരാതിയിൽ നടത്തിയ അന്വേഷണത്തിൽ 11.02.2023-ൽ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമനുസരിച്ചുള്ള Z-Plus കാറ്റഗറി സുരക്ഷയിലുള്ള മുഖ്യമന്ത്രി കൊച്ചി സിറ്റിയിൽ കണ്ടെയ്നർ റോഡിലൂടെ കളമശ്ശേരി ഡെക്കാത്തലൺ എന്ന സ്ഥാപനത്തിന് സമീപം എത്തിയ സമയം സ്ഥാപനത്തിന്റെ പാർക്കിംഗ് സ്ഥലത്തു നിന്നും കുറച്ച് പേർ മുഖ്യമന്ത്രിയുടെ വാഹന വ്യൂഹം തടഞ്ഞ് പ്രതിഷേധിക്കുന്നതിനായി റോഡിലേക്ക് പെട്ടെന്ന് ഓടി വരികയും വാഹനവ്യൂഹത്തിന് തടസ്സം നേരിടാതിരിക്കുന്നതിനും പ്രതിഷേധക്കാർക്ക് അപകടം സംഭവിക്കാതിരിക്കുവാനും മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്ക് ഭംഗം വരാതിരിക്കുന്നതിനുമായി അവിടെ ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന പോലീസ് ഉദ്യോഗസ്ഥർ പ്രതിഷേധക്കാരെ തടയുകയും അതിൽ കറുത്ത പാന്റും വെള്ള ഷർട്ടും ധരിച്ച ഒരാൾ വാഹന വ്യൂഹത്തിന് നേരെ ചാടിയപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥൻ ടിയാളെ പിന്നിൽ നിന്നും പിടിച്ചു നിർത്തുകയും ഈ സമയം ടിയാൾ വനിതയാണെന്ന് മനസ്സിലായതിനെ തുടർന്ന് സ്ഥലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന വനിതാ പോലീസ് ഉദ്യോഗസ്ഥയെ ഏല്പിച്ച് നിയമനടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെ |

| | | | |
|---|---|---|---|
| | | | ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ലാത്തതിനാൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | കളമശ്ശേരിയിൽ പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ യുവജന സംഘടനാ നേതാവായ പെൺകുട്ടിയുടെ തോളിൽ പോലീസ് ഉദ്യോഗസ്ഥൻ പിടിച്ച് വലിക്കുകയും മർദ്ദിക്കുകയും അസഭ്യം പറയുകയും ചെയ്തതായി പറയപ്പെടുന്ന സംഭവത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ